LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 23, ബുധൻ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 27

നിയമസഭ 2005 മാർച്ച് മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ: ഓർഡർ ..... ഓർഡർ .....

വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം

*1 [589] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

„ *പി. കെ. ശ്രീമതി ടീച്ചർ:*

ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വനിതാ വികസന കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ അനുസരിച്ച് അതിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതു നടപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കോർപ്പറേഷന്റെ പ്രവർത്തനത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*: സർ,

(എ) ഉണ്ട്.

(ബി) വനിതാ വികസന കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ അനുസരിച്ചുള്ള പ്രവർത്തനം നടക്കുന്നുണ്ട്.

(സി) സർക്കാരിന്റെ നിർദ്ദേശാനുസരണം മുൻ സാമൂഹ്യക്ഷേമ വകുപ്പു സെക്രട്ടറി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേലും ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേലും മാനേജിംഗ് ഡയറക്ടറോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. വിശദീകരണം ലഭിച്ചതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, വളരെ ലാഘവത്തോടെയുള്ള ഒരു മറുപടിയാണ് ഈ പ്രധാനപ്പെട്ട ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി തന്നിരിക്കുന്നത്. കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ പൊതുവിലുള്ള ഉന്നമനത്തിനു വേണ്ടി രൂപീകരിക്കപ്പെട്ടതാണ് ഈ കോർപ്പറേഷൻ. ബഹുമാനപ്പെട്ട മന്ത്രി തന്ന മറുപടിയിൽ നിന്നുതന്നെ ഇപ്പോൾ ഇതിനകത്ത് പകൽകൊള്ളയാണ് നടക്കുന്നതെന്ന് വളരെ വ്യക്തമാണ്. ഒരു സ്ഥാപനം പൊളിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തണമെങ്കിൽ അതിന് പറ്റിയ വ്യക്തി എന്ന് ശ്രീമതി കെ. ആർ. ഗൗരിയമ്മ വിശേഷിപ്പിച്ച ഒരാളാണ് ഇതിന്റെ എം.ഡി. യായി പ്രവർത്തിക്കുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഈ തട്ടിപ്പ് മുഴുവൻ നടക്കുന്നത്. ഇതിനെപ്പറ്റി അന്വേഷിച്ച് നടപടി എടുക്കാൻ ആവശ്യമായ ഒരു ശ്രമവും നടന്നിട്ടില്ല. പതിനായിരം രൂപ മാസവാടകയ്ക്ക് വികലാംഗ ക്ഷേമ കോർപ്പറേഷന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചതായിരുന്നു ഇതിന്റെ ഓഫീസ്. ഒരു ആവശ്യവുമില്ലാതെ 75000 രൂപ മാസവാടക നൽകുന്ന എം.ഡി.യുടെ ബന്ധത്തിൽപ്പെട്ട ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേക്ക് ഈ കോർപ്പറേഷന്റെ ഓഫീസ് മാറ്റി. ഇതുപോലെ കോഴിക്കോട് റീജിയണൽ ഓഫീസ് ഒരു കാര്യവുമില്ലാതെ ഇതേപോലെ ബന്ധത്തിൽപ്പെട്ട ഒരാളുടെ സ്ഥാപനത്തിലേക്ക് മാറ്റിയിരിക്കുകയാണ്. ഈ വിധത്തിൽ നടക്കുന്ന കൊള്ള ഈ സ്ഥാപനത്തെ നശിപ്പിക്കുന്നതിലേക്കാണ് എത്തിച്ചേരുക. ഇങ്ങനെ ഓഫീസുകൾ മാറ്റിയിട്ടുണ്ടോ; ഇതിനെപ്പറ്റി വല്ല അന്വേഷണവും നടത്തി കുറ്റക്കാർക്കെതിരെ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഇത് ഓഫീസ് മാത്രമല്ല, വനിതാ വികസന കോർപ്പറേഷന്റെ ഒരു കോംപ്ലക്സായിട്ടാണ് പ്രവർത്തിക്കുന്നത്. വാടകയ്ക്കെടുത്ത രീതിയിലോ നടപടിയിലോ എന്തെങ്കിലും പിശക് ഉണ്ടെങ്കിൽ, നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് ബോധ്യമായാൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഈ കോർപ്പറേഷൻ അസംസ്കൃത വസ്തുക്കൾ വാങ്ങുന്ന കാര്യത്തിൽ വൻതോതിലുള്ള തട്ടിപ്പ് നടത്തിയിരിക്കുന്നു. ടെന്റർ നൽകാതെ പർച്ചേസിനുള്ള അനുവാദം കൊടുക്കുകയാണ്. അങ്ങനെ ആലപ്പുഴയിൽ ഒരു യൂണിറ്റിനുവേണ്ടി, ബാഗ് ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കൊണ്ടുവരുന്നതിന് കെ. എസ്. സണ്ണി എന്ന വ്യക്തിക്ക് അനുവാദം നൽകി. 1,64,000 രൂപയുടെ ബിൽ സണ്ണി കോർപ്പറേഷനിൽ ഹാജരാക്കി. ഈ സാധനം കോയമ്പത്തൂരിൽ നിന്ന് കൊണ്ടുവരുമ്പോൾ വാണിജ്യനികുതി വകുപ്പിന്റെ സ്പെഷ്യൽ സ്കാഡ് സണ്ണിയുടെ സാധനം പിടികൂടി. 50,000 രൂപയുടെ ബില്ലാണ് സണ്ണി സ്പെഷ്യൽ സ്കാഡിന്റെ മുമ്പിൽ ഹാജരാക്കിയത്. 13,600 രൂപയുടെ നികുതി വെട്ടിച്ചതിനു അപ്പോൾ ഫൈനടച്ചു. ആ തുക ഉൾപ്പെടെ 1,64,000 രൂപ കോർപ്പറേഷന്റെ ഓഫീസിൽ നിന്ന് സണ്ണിക്കു പിന്നീട് നൽകി. പർച്ചേസിംഗ് ഇനത്തിൽ ഇതുപോലെ നടക്കുന്ന തട്ടിപ്പുകളെ സംബന്ധിച്ച് കൃത്യമായ അന്വേഷണത്തിനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനും മന്ത്രി തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ആലപ്പുഴ ബാഗ് യൂണിറ്റിലേയ്ക്ക് വാങ്ങിച്ച സാധനങ്ങളുടെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ഈ കേസിൽ 14,000 രൂപ കോർപ്പറേഷൻ സി. എസ്. ടി. നൽകിയിട്ടുള്ളതായി വിവരം കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണ്. സി. എസ്. ടി. കൊടുത്തതിൽ എന്തെങ്കിലും ക്രമക്കേടുണ്ടോ; അതല്ലെങ്കിൽ ബാഗ് മെറ്റീരിയൽ പർച്ചേസിംഗിൽ എന്തെങ്കിലും ക്രമക്കേടുണ്ടോ എന്ന് അന്വേഷിച്ച് കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, വനിതകളുടെ ക്ഷേമത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും രൂപം കൊടുത്തതാണ് വനിതാ വികസന കോർപ്പറേഷൻ. കുടുംബശ്രീ, അയൽക്കൂട്ടം തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ദാരിദ്ര്യരേഖക്കു താഴെയുള്ള സ്ത്രീ വിഭാഗത്തെ ഒരു പരിധിവരെ സഹായിക്കാൻ കഴിയും. ഈ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വനിതാ വികസന കോർപ്പറേഷന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, വനിതാ വികസന കോർപ്പറേഷൻ ഇപ്പോൾ പത്തോളം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള നമ്മുടെ സഹോദരിമാരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അതോടൊപ്പംതന്നെ കുടുംബശ്രീ യൂണിറ്റുകളിൽ ഉൾപ്പെടുത്തി ഈ പദ്ധതികൾ അവർക്കുകൂടി പ്രയോജനപ്രദമാകുന്ന രീതിയിൽ നടപ്പാക്കുവാനാണ് ഇപ്പോൾ കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. 10 പദ്ധതികൾ കോർപ്പറേഷന്റെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, യഥാർത്ഥത്തിൽ ശരിയായ ഓഡിറ്റിംഗ് സംവിധാനം ഇല്ലാത്തതാണ് ഈ ക്രമക്കേടുകൾക്ക് ഇടവരുത്തുന്നത്. വനിതാവികസന കോർപ്പറേഷന്റെ ക്രമക്കേടുകൾ നിയന്ത്രിക്കുവാനും, ഒഴിവാക്കുവാനും ഇന്റേണൽ ആഡിറ്റിംഗ് സംവിധാനം കാര്യക്ഷമമാക്കിയാലേ പറ്റുകയുള്ളു. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 2004 ജൂലായിൽ തന്നെ ബഹുമാനപ്പെട്ട എം. വി. ജയരാജൻ ഇവിടെ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് കത്തയച്ചിരുന്നു. അതിന്റെ ഫലമായി സെക്രട്ടറി അന്വേഷണം നടത്തി. ആ അന്വേഷണത്തിന്റെ ഭാഗമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ശ്രീമതി ലിഡാ ജേക്കബ് ഇതിനെക്കുറിച്ച് അന്വേഷിച്ചു. അതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിൽ ഒന്നുരണ്ട് കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. ഏതായാലും ഇക്കാര്യത്തിൽ നടപടി ഉണ്ടാകുമെന്നു ഉറപ്പു നൽകുന്നു.

ശ്രീ. എം. വി. ജയരാജൻ : സർ, വനിതാ വികസന കോർപ്പറേഷന്റെ ചെയർപേഴ്സൺ ഇന്ത്യൻ യൂണിയൻ മുസ്ലിം യൂണിയന്റെ നേതാവുകൂടിയായ ശ്രീമതി കമറുന്നീസ അൻവറാണ് നിലവിലുള്ള ചട്ടങ്ങളും ബൈ ലായും കാറ്റിൽ പറത്തിക്കൊണ്ട് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ബൈലാ ക്ലാസ്സ് 42-ൽ പറയുന്ന രണ്ട് കാര്യങ്ങളുണ്ട്. ഒന്ന് Creation of any posts carrying maximum pay of Rs.1,000 or more per month and appointment to such posts. അതുപോലെ matters relating to revision of scale of pay and T.A. of the employees of the Company. ഇതു രണ്ടും 'shall require the prior approval of the Governor' എന്ന് ബൈലായിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. 'ഗവർണ്ണർ' എന്നു പറയുമ്പോൾ ബൈലായിൽ ഉദ്ദേശിക്കുന്നത് മന്ത്രി സഭയുടെ സർക്കാരിന്റെ അനുമതി വാങ്ങുകയെന്നതുതന്നെയാണ്. സർക്കാരിന്റെ അനുമതി വാങ്ങിയിട്ടാണോ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 88 ജീവനക്കാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ അവിടെ നിയമിച്ചത്. അവർ 1000 രൂപയിൽ കൂടുതൽ ശമ്പളം പറ്റുന്നവരാണ്. അതുപോലെ ഡെയ്ലി വേജസുകാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സ്കെയിൽ ഓഫ് പേയിൽ റിവിഷൻ വരുത്തിയിട്ടുണ്ട്. ബൈലായ്ക്കനുസൃതമായി ഗവണ്മെന്റിന്റെ prior approval വാങ്ങിക്കൊണ്ടാണോ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഡെപ്യൂട്ടേഷൻ ഉൾപ്പെടെ അവിടെ 67 ജീവനക്കാർ മാത്രമേയുള്ളു. 88 ജീവനക്കാരെ നിയമിച്ചിട്ടില്ല. കോൺട്രാക്ട് ബേസിസിലാണ് എടുത്തിട്ടുള്ളത്. സ്ഥിരം സ്വഭാവത്തിൽ ആരെയും എടുത്തിട്ടില്ല. ഇതിൽ അപ്രൂവൽ വാങ്ങിക്കേണ്ട ആവശ്യമില്ല. ആവശ്യമുണ്ടെങ്കിൽ റാറ്റിഫിക്കേഷൻ വാങ്ങിയാൽ മതിയാകും.

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങ് കൃത്യമായി അത് പരിശോധിച്ചോ എന്ന് എനിക്കറിയില്ല, ദയവുചെയ്ത് ഇതൊന്ന് പരിശോധിച്ചാൽ കൊള്ളാമായിരുന്നു. 1000

LIBRARY ARCHIVES Kerala Legislative Assembly

രൂപയ്ക്കു മുകളിലുള്ളതിന് prior approval വാങ്ങണമെന്ന് ബൈലായിലെ 42-ാം ക്ലാസ്സിൽ വ്യക്തമായ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയ്ക്കനുസരിച്ച് 88 ആകട്ടെ, 67 ആകട്ടെ, ഒരാൾ ആകട്ടെ ആരായാലും ചട്ടത്തിന് എതിരാണ്. അതുകൊണ്ട് അങ്ങ് അത് പരിശോധിക്കണം. ഈ സ്ഥാപനത്തിൽനിന്ന് കൊടുക്കുന്ന ലോണുകളെ സംബന്ധിച്ച് 18-9-2004 നും തൊട്ടടുത്ത ദിവസങ്ങളിലുമായി ആഡിറ്റ് എൻക്വയറി നടത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് വനിതാ വികസന കോർപ്പറേഷന്റെ പക്കലുണ്ട്. 18-9-2004-ലെ ആഡിറ്റ് എൻക്വയറി നമ്പർ 13-ൽ പറയുന്നത് 'There is no propriety in giving out personal loan to their employees for meeting financial crisis' എന്നാണ്. ഈ സ്ഥാപനത്തിൽ താൽക്കാലികാടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ സ്ഥിരമായിട്ടോ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ പേരിൽ വിവിധ ഇനങ്ങളിലായി 10.30 ലക്ഷം രൂപ ലോൺ അനുവദിച്ചിരിക്കുകയാണ്. മറ്റൊരു സ്ഥാപനത്തിലും കാണാൻ കഴിയാത്ത ഒരു നടപടിക്രമവും അത്ഭുതകരവുമായ കാര്യമാണ്. ആ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലോൺ അനുവദിക്കാൻ വ്യവസ്ഥയില്ലെന്ന് ബൈലായിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനെയെല്ലാം മറികടന്നുകൊണ്ടാണ് കമറുന്നീസ അൻവറിന്റെ നേതൃത്വത്തിലുള്ള ബോർഡ് ഇത്തരത്തിലുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ജീവനക്കാർക്ക് വാരിക്കോരി ഇങ്ങനെ ലോൺ കൊടുക്കുന്ന സമ്പ്രദായത്തെക്കുറിച്ച് അന്വേഷിക്കുമോ? അവിടത്തെ ഹെഡ്ക്ലാർക്കായ ലൈലാകുഞ്ഞ് മകളുടെയും മറ്റു ബന്ധുമിത്രാദികളുടെയും പേരിലായി 10 ലോണുകൾ എടുത്തിട്ടുണ്ട്. അതിന്റെ രേഖ വേണമെങ്കിൽ തരാം. അതിനെക്കുറിച്ച് ഗൗരവമായി അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ജീവനക്കാർക്ക് ലോൺ കൊടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടു, അതിന്റെ വിശദീകരണം ചോദിച്ചിരിക്കുകയാണ്. വർഷങ്ങളായി ആ കോർപ്പറേഷനിൽ നിലവിലുള്ള ഒരു നടപടിയാ, അത് തെറ്റാണെന്ന് ഗവൺമെന്റിന് ബോധ്യമുണ്ട്. ഇനി ലോൺ കൊടുക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. കൊടുത്ത ലോണിനെപ്പറ്റി അന്വേഷണം നടത്തുന്നതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, വനിതകളുടെ ഉന്നമനത്തിനുവേണ്ടി രൂപീകൃതമായിട്ടുള്ള വനിതാ വികസന കോർപ്പറേഷന്റെ സ്ഥിതി എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വനിതകളുടെ ജീവിതവുമായി ബന്ധപ്പെട്ട വിവിധ സംരംഭങ്ങൾ ഈ മേഖലയിൽ നടന്നുവന്നിരുന്നു. അത്തരത്തിലുള്ള സംരംഭങ്ങളെല്ലാം ഇന്ന് നിന്നുപോകുന്ന ഒരവസ്ഥ വന്നിരിക്കുകയാണ്. ഇവർ രൂപീകരിക്കപ്പെടുന്ന വനിതാ വ്യവസായ യൂണിറ്റുകളിൽ ഒട്ടനവധി ഉല്പന്നങ്ങളുണ്ടാക്കുന്നുണ്ട്. ആ ഉല്പന്നങ്ങളൊന്നും വിറ്റഴിക്കാനാവശ്യമായ വിപണിയില്ല. അത് വിറ്റഴിക്കാനാവശ്യമായ വിപണന സംവിധാനമൊരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽതന്നെ അത് വിറ്റഴിക്കാനുള്ള ക്ലസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ ശ്രീ. എ. കെ. ബാലന്റെ ചോദ്യത്തിനു മറുപടിയായി പറഞ്ഞ 10 സ്കീമുകളിൽ ഒരെണ്ണം അതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് കേന്ദ്ര ധനകാര്യ ഏജൻസി ഇപ്പോൾ ലോൺ കൊടുക്കുന്നുണ്ട്. ഗവൺമെന്റാണെങ്കിൽ ഇവരെ സഹായിക്കാൻ യാതൊരു സംവിധാനവും ചെയ്യുന്നില്ല. ഇത്തരത്തിലുള്ള സംരംഭകർ വല്ലാത്ത ഒരവസ്ഥയിലാണ് ഇപ്പോൾ ചെന്നെത്തിയിട്ടുള്ളത്. ഇവരെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വ്യക്തിഗത ലോൺ നൽകാനുള്ള സംവിധാനങ്ങളുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 39,000 രൂപയ്ക്കും പട്ടണപ്രദേശങ്ങളിൽ 54,000 യ്ക്കും താഴെ വരുമാനമുള്ള വനിതകൾക്കാണ് ഇപ്പോൾ ഈ സംവിധാനത്തിലൂടെ ലോൺ നൽകുന്നത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, വനിതാ വികസന കോർപ്പറേഷൻ എന്ന പദത്തിൽ തന്നെ ഒരു അഭംഗിയുണ്ട്. വനിതാ പ്രമോഷൻ കോർപ്പറേഷൻ എന്നാക്കണമെന്നാണ് എന്റെ ഒരാവശ്യം. എന്റെ ചോദ്യം അതല്ല, ഇപ്പോൾ ഇവിടെ പറഞ്ഞ വസ്തുതകൾ വച്ച് ഈ കോർപ്പറേഷനും ഒരു വെള്ളാനയാണെന്ന് തെളിയിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നേരത്തേ സൂചിപ്പിച്ചതുപോലെ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ അതുപോലുള്ള സംവിധാനങ്ങൾക്ക് നേരിട്ട് ധനസഹായം ലഭ്യമാക്കുന്നതിന് സ്കീമുകളും പ്രോജക്ടുകളും തയ്യാറാക്കി മാത്രമേ ഈ ലോൺ വ്യവസ്ഥകൾ നടപ്പാക്കൂ എന്നുള്ളതിന് ഒരു നിയമനിർമ്മാണം നടത്താനോ നിർദ്ദേശം നൽകാനോ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : 1988 ഫെബ്രുവരി മാസത്തിലാണ് ഈ കോർപ്പറേഷൻ രൂപീകരിച്ചത്. അതിനുശേഷം ഇന്നേവരെയുള്ള ലോൺ കൊടുക്കുന്ന രീതിയും മറ്റുമൊക്കെ അത്ര ശ്ലാഘനീയമാണെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല. എതായാലും അതിനൊരു കൃത്യമായ സംവിധാനമുണ്ടാകണമെന്ന് ഗവൺമെന്റിന് ഉദ്ദേശമുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. കുമാരൻ : സർ, കേരളത്തിലെ കുടുംബശ്രീ യൂണിറ്റുകളേയും അയൽക്കൂട്ടങ്ങളേയും സഹായിക്കുന്നതിനുവേണ്ടി വനിതാ വികസന കോർപ്പറേഷൻ 10 പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. ഈ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇന്നുണ്ടായിരിക്കുന്ന പോരായ്മ പരിഹരിക്കാൻ എന്തൊക്കെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; ഈ 10 പദ്ധതികൾ ഏതൊക്കെയാണ്?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : നേരത്തെ വിപണനത്തിനുള്ള സൗകര്യമില്ലെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു, അതിനുള്ള വിപണന മേളകൾ; സെൻട്രൽ അസിസ്റ്റന്റ് സോടുകൂടി നടത്തുന്ന NORAD പദ്ധതി ഇവയാണ് ആ 10 പദ്ധതികളിൽ വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ : സർ, വനിതാവികസന കോർപ്പറേഷന്റെ ഇതുവരെയുള്ള പ്രവർത്തനത്തിനിടയിൽ കേരളത്തിൽ സുമാർ എത്ര വനിതകൾക്ക് ഏതെല്ലാം വിധത്തിലുള്ള സഹായങ്ങൾ നൽകിയെന്നും അതുപോലെ ഇതിന്റെ പ്രവർത്തനത്തിന് സഹായകരമായ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും അതിന്റെ ശ്ലാഘനീയമായ പ്രവർത്തനങ്ങളെന്തൊക്കെയാണെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സാമ്പത്തികമായി കഷ്ടപ്പാടനുഭവിക്കുന്ന സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിനാണ് നമ്മൾ ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. കോർപ്പറേഷന്റെ Memorandum and Articles of Association-ൽ തന്നെ ഇതിനെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. ഈ കോർപ്പറേഷൻ നിലവിൽ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചുവെന്ന് കൃത്യമായി പറയാൻ പ്രത്യേക നോട്ടീസ് വേണം.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിൽ സി.എസ്.ടി. 14,000 രൂപ അടയ്ക്കേണ്ടിവന്നു എന്നുപറഞ്ഞു. ഇത് നികുതിവെട്ടിപ്പിനുള്ള തെളിവായിട്ടാണ് കാണുന്നത്. ഗവൺമെന്റിന്റെ അർദ്ധ ഔദ്യോഗിക സംഘടനയുടെ നികുതി വെട്ടിപ്പ് ഒരു ചെറിയകാര്യമല്ലല്ലോ, അത് ഗുരുതരമായി കാണേണ്ടതല്ലേ? അത് കണ്ടയുടനെ ബന്ധപ്പെട്ടവരെ സസ്പെൻഡ് ചെയ്യുക എന്നത് സാമാന്യനടപടിയുടെ ഭാഗമാണ്. ആ നടപടികൾ സ്വീകരിക്കാതെ സ്ഥാപനത്തിലെ ബന്ധപ്പെട്ടവരെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുവെന്ന് ഞാൻ കുറ്റപ്പെടുത്തിയാൽ അങ്ങേയ്ക്ക് എന്തു മറുപടി പറയാൻ കഴിയും?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കോർപ്പറേഷനിൽ C-Form ഇല്ലാത്തതു കൊണ്ടാണ് അങ്ങനെയൊരു നടപടിക്രമം സ്വീകരിക്കേണ്ടി വന്നത് എന്നതാണ് ഇതിന്റെ വിശദീകരണം. ഇക്കാര്യത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഏതാനും വർഷങ്ങൾക്കുമുമ്പ് വനിതാവികസന കോർപ്പറേഷൻ വഴി ലോൺ കൊടുത്ത ആയിരത്തോളം വരുന്ന വ്യക്തികളിൽ ഒരാൾപോലും വനിതയായുണ്ടായിരുന്നില്ല എന്ന ഞെട്ടിപ്പിക്കുന്ന വിവരം ഔദ്യോഗികമായി മനസ്സിലാക്കാൻ സാധിച്ചിരിക്കുന്നു. വനിതകളുടെ വികസനത്തിനുവേണ്ടി പുരുഷന്മാർക്കും ശ്രമിക്കാം, ശ്രദ്ധിക്കാമെന്നുള്ളത് ഒരു സത്യമാണെന്നുണ്ടെങ്കിലും വനിതാ വികസന കോർപ്പറേഷൻ വഴി പ്രത്യേകിച്ചും കുടുംബശ്രീകളിലൂടെയും വാർഡുകളിലൂടെയുമൊക്കെ അപൂർവ്വമായ ഒരു മുന്നേറ്റം വനിതകൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ലോൺ കൊടുക്കുന്നത് അർഹതപ്പെട്ട വനിതകൾക്കുമാത്രമായി നിയന്ത്രിക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ഭൂരിപക്ഷം വനിതകൾക്കു മാത്രമാണ് ലോൺ കൊടുക്കുന്നത്. ചില കേസുകളിൽ ചില സംരംഭങ്ങളിൽ പുരുഷന്മാരെക്കൂടി ഉൾപ്പെടുത്തുന്നുണ്ടെന്നുള്ളതല്ലാതെ പുരുഷന്മാർക്കുമാത്രമായി ലോൺ നൽകാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ വനിതാ വികസന കോർപ്പറേഷനിലെ എം.ഡി.യുടെ അഴിമതിയെ സംബന്ധിച്ച് സൂചിപ്പിച്ചു. ഈ എം.ഡി. ഒരു ദിവസം തിരുവനന്തപുരത്തുനിന്ന് കോഴിക്കോട്ടേയ്ക്ക് പോകുമ്പോൾ 80,000 രൂപ വനിതാ വികസന കോർപ്പറേഷന്റെ ആവശ്യത്തിനെന്നുപറഞ്ഞ് കൊണ്ടുപോയി. ട്രെയിനിൽവച്ച് അത് മോഷ്ടിക്കപ്പെട്ടുവെന്നുപറഞ്ഞ് പോലീസിൽ പെറ്റീഷൻ കൊടുത്ത് വീണ്ടും പൈസ വാങ്ങുകയാണ്. ഇതാണ് എം.ഡി.യുടെ പ്രവർത്തനം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം. വി. ജയരാജൻ മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് ഒരു കത്തുകൊടുത്തു. അതു സംബന്ധിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് സെക്രട്ടറി ശ്രീമതി ലിഡാ ജേക്കബിനെ നിയോഗിച്ചിരുന്നു. അവർ ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ആ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, മാത്രമല്ല അത് പോലീസ് കേസായി മാറിയിരിക്കുകയാണ്. അതിന്റെ അന്തിമ തീരുമാനം വന്നതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ : വളരെ ബൃഹത്തായ ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഒരു സ്ഥാപനമാണ് വനിതാ വികസന കോർപ്പറേഷൻ. ദുർബലരായിട്ടുള്ള സ്ത്രീകൾക്കുവേണ്ടിയുള്ളതാണിത്. വളരെ കാര്യമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്നുണ്ട് എന്ന കാര്യം പരിഗണിച്ച്, മോണിറ്ററിംഗ് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട ആളുകൾക്ക് തന്നെ അതു ലഭ്യമാകുന്നു എന്നു ഉറപ്പു വരുത്തുന്നതിനു എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ബന്ധപ്പെട്ട ആളുകൾക്ക് തന്നെ അതിന്റെ ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നു എന്നു ഉറപ്പു വരുത്താനുള്ള നടപടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ഇതു വളരെ ശ്ലാഘനീയമായ നിർദ്ദേശമാണ്. സഭയിൽ നിന്നും ഉന്നയിക്കപ്പെട്ടിട്ടുള്ള പല നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അതിനൊരു സംവിധാനം ഗവൺമെന്റ് ഉടനെ ഏർപ്പെടുത്തുന്നതാണ്. ശരിയായ ഗുണഭോക്താക്കൾക്ക് ഇതു ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താനുള്ള ഒരു മോണിറ്ററിംഗ് സമ്പ്രദായം ഗവൺമെന്റ് നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ : വനിതാ സംഘടനകൾ നൽകിയ നിവേദനങ്ങളിലെ ഒരു ആവശ്യമാണ് ഞാൻ ചോദ്യമായി ഉന്നയിക്കുന്നത്. ഇന്റർവ്യൂവിനും ആരാധനാലയങ്ങളിൽ പോകുന്നതിനും അന്യപ്രദേശങ്ങളിൽ നിന്ന് പ്രധാന നഗരങ്ങളിലേക്ക്, താലൂക്ക് ആസ്ഥാനങ്ങളിലേക്ക് വരുന്ന വനിതകൾക്ക് സ്ത്രീകളുടെ ചുമതലയിൽ തന്നെ ബാത്ത് റൂമുകളും റെസ്റ്റ് റൂമുകളും ടോയ്‌ലറ്റുകളും നിർമ്മിച്ചു നൽകുന്ന ഒരു പദ്ധതി വനിതാ വികസന കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : അത്തരത്തിലുള്ള സംവിധാനമാണ് തിരുവനന്തപുരത്ത് കഴിഞ്ഞ ആഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തത്. അതിനെപ്പറ്റിയാണ് സഭയിൽ നിന്നും ആക്ഷേപങ്ങൾ വന്നത്. 75,000 രൂപയ്ക്ക് വാടകയ്ക്ക് എടുത്ത കെട്ടിടത്തിലാണ് അതു തുടങ്ങിയത് എന്നുള്ള ഒരു ആക്ഷേപം വന്നു. അതു പരിശോധിക്കുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ തുടങ്ങാനേ ഇപ്പോൾ സാധിക്കുകയുള്ളൂ. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്വന്തമായി കെട്ടിടങ്ങളിൽ തുടങ്ങാൻ വനിതാ വികസന കോർപ്പറേഷന് ബുദ്ധിമുട്ടുണ്ട്. ഇങ്ങനെ വാടകയ്ക്ക് കെട്ടിടങ്ങൾ എടുക്കുമ്പോൾ ഇതുപോലുള്ള ആക്ഷേപങ്ങൾ വരുന്നു എന്നുള്ളതാണ് ഇതിലെ ഏറ്റവും വലിയ തടസ്സം.

ശ്രീ. വി. കെ. സി. മമ്മത്കോയ : വനിതകളുടെ ക്ഷേമത്തിനായി ആരംഭിച്ച ഈ സ്ഥാപനം വമ്പിച്ച അഴിമതി നടത്തുന്നതായി പത്രങ്ങളിൽ ധാരാളം എഴുതിയിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷണവും തുടങ്ങി എന്നൊക്കെ പറയുന്നുണ്ട്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തണം. സർക്കാർ സഹായം കൊടുക്കുന്ന സ്ഥാപനങ്ങൾ എന്നുള്ള നിലയിൽ അത്തരം സ്ഥാപനങ്ങളുടെ ആഡിറ്റിംഗും മറ്റു നടപടികളും കൃത്യമായി നടത്തുന്നതുപോലെ എന്തുകൊണ്ടാണ് വനിതാ വികസന കോർപ്പറേഷനെ സംബന്ധിച്ച് ഇത്രയധികം ആരോപണങ്ങൾ ഉണ്ടായിട്ടും അത്തരത്തിലുള്ള ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കാത്തത്?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : വനിതാ വികസന കോർപ്പറേഷന് മുഖ്യമായും ലഭിക്കുന്നത് കേന്ദ്ര സഹായമാണ്. കേന്ദ്ര സഹായത്തിന് വ്യക്തമായും ഒരു ആഡിറ്റിംഗ് വേണം. എല്ലാ വർഷവും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്താൽ മാത്രമേ പിറ്റേ വർഷം അത്തരത്തിലുള്ള സഹായം എക്സ്റ്റന്റ് ചെയ്തു കിട്ടൂ. സ്വാഭാവികമായും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളെപ്പോലെ എ. ജി. യുടെ ആഡിറ്റിംഗിലും ധാരാളം ഡിലേയുണ്ട്. ആ ഡിലേ പരിഹരിക്കണം. ഇത്രയും ഡിലേ പാടില്ല എന്നു കർശനമായി നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്.

ശ്രീ. ഡി. സുഗതൻ : വനിതകൾ നടത്തുന്ന സംരംഭങ്ങൾക്കാണല്ലോ കോർപ്പറേഷൻ ധനസഹായം കൊടുക്കുന്നത്. അതിനു ഈടാക്കുന്ന പലിശയും പിഴപ്പലിശയുമൊക്കെ വളരെ ഉയർന്ന നിരക്കിലാണെന്നും അതിന്റെ ഈടാക്കൽ നടപടി വളരെ കർശനമാണെന്നുമുള്ള ഒരു ആക്ഷേപമുണ്ട്. അതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിച്ച് പലിശ നിരക്കുകൾ കുറയ്ക്കുന്നതിന് വൺ ടൈം സെറ്റിൽമെന്റും തവണ വ്യവസ്ഥകളും ഏർപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കൊടുത്ത സംഖ്യകൾ യാതൊന്നും തന്നെ ഇതുവരെ പിരിഞ്ഞു കിട്ടാത്ത അവസ്ഥയാണ് വനിതാ കോർപ്പറേഷനിൽ ഉള്ളത് എന്ന കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പലപ്പോഴും വൺടൈം സെറ്റിൽമെന്റിന്റെ ഭാഗമായി പലിശ waive ചെയ്തു കൊടുക്കാറുണ്ട്. അതുതന്നെ എം.ഡി. യുടെ പേരിൽ ഒരു ആരോപണമായി വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങളുണ്ടെന്നാണ് മന്ത്രി മറുപടിയിൽ പറഞ്ഞത്. ഇതൊന്നും പഞ്ചായത്തുതലത്തിൽ അറിയുന്നില്ല. അതു പഞ്ചായത്തുതലത്തിൽ അറിയുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. അതുപോലെ തന്നെ സംസ്ഥാന തലത്തിൽ ഇതു മോണിറ്ററിംഗ് ചെയ്യാൻ വേണ്ടി ഒരു സമിതിയുണ്ടാക്കാമെന്നു അങ്ങു പറഞ്ഞിട്ടുണ്ട്. അവിടങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ അറിയാൻ വേണ്ടിയും മോണിറ്ററിംഗ് നടത്താൻ വേണ്ടിയും പഞ്ചായത്തു തലത്തിൽ ജാഗ്രതാ സമിതികൾ വേണം. പാണഞ്ചേരി പഞ്ചായത്തിൽ അത്തരം ജാഗ്രതാ സമിതികളുണ്ട്. തൃശ്ശൂരിലെ പാണഞ്ചേരി പഞ്ചായത്തിലെ ജാഗ്രതാ സമിതിപോലെ ഇവിടേയും ഒരു വനിതാ ജാഗ്രതാ സമിതി രൂപീകരിക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : വനിതാ വികസന കോർപ്പറേഷന്റെ പദ്ധതികൾ എന്തെല്ലാമാണെന്നു വിശദീകരിച്ചുകൊണ്ടുള്ള ഒരു ലഘുലേഖ തയ്യാറാക്കി എല്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അയച്ചു കൊടുക്കാനുള്ള നടപടി സ്വീകരിക്കാം. മറ്റു നടപടികൾ അതാതു പഞ്ചായത്തുകളാണ് ചെയ്യേണ്ടത്.

ശ്രീ. സി. മമ്മൂട്ടി : വിദ്യാസമ്പന്നരായ ധാരാളം യുവതികൾ ലോണിനുവേണ്ടി അപേക്ഷിക്കുന്നുണ്ട്. പക്ഷേ ഫീസിബിളായിട്ടുള്ള ഒരു പ്രോജക്ട് കൊടുക്കാൻ പലർക്കും കഴിയാറില്ല. അതുകൊണ്ട് ലോൺ തിരിച്ചടവും ബുദ്ധിമുട്ടാണ്. ഇതിനു വേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ട്രെയിനിംഗ് കൊടുത്ത് ഈ പദ്ധതി വിജയകരമായി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. ഒരു ഡേറ്റാ ബാങ്കോ അല്ലെങ്കിൽ ഒരു ടെക്നോളജി ബാങ്കോ രൂപീകരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. വനിതാ വികസന കോർപ്പറേഷനെക്കൊണ്ട് അത് ഏറ്റെടുപ്പിക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച് വനിതാ വികസന കോർപ്പറേഷനിൽ നിയമനം നടത്തിയെന്ന ആരോപണമാണ് ഉയർന്ന് വന്നിട്ടുള്ളത്. ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച്, ഉയർന്ന ശമ്പള സ്കെയിൽ നിശ്ചയിച്ച് കൊടുത്ത്, അവരതു കൈപ്പറ്റിക്കൊണ്ടിരിക്കുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : അങ്ങനെ ശമ്പള സ്കെയിൽ ഫിക്സ് ചെയ്തതായി ഗവൺമെന്റിന് അറിയില്ല. അവിടെ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. എനിക്കു കിട്ടിയ വിവരം അനുസരിച്ച് അവിടെ രണ്ടു ക്ളാർക്ക്, രണ്ട് പ്യൂൺ, ഒരു സി.എ., ഒരു പാർട്ട് ടൈം സ്വീപ്പർ തുടങ്ങി ഏഴു ജീവനക്കാരാണ് സ്ഥിരമായിട്ടുള്ളത്. ബാക്കിയുള്ളവർ ഡെപ്യൂട്ടേഷനിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : അക്ഷയപദ്ധതിയെക്കുറിച്ച് താങ്കൾക്കറിയാം. കേരളത്തിൽ വനിതകൾ കംപ്യൂട്ടർ വ്യവസായ രംഗത്ത് വളരെയധികം മുന്നോട്ടു വന്നിട്ടുണ്ട്. Functional Estate for Rubber Industries, Functional Estate for Industrial Estate തുടങ്ങിയ പേരുകളിൽ SIDCO-യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വളരെയധികം ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. Functional Estate for Women സ്ത്രീകൾക്കുവേണ്ടി മാത്രം ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റു സ്ഥാപിക്കുവാനും അവർക്ക് വ്യവസായങ്ങൾ തുടങ്ങുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാനും ഗവൺമെന്റ് ശ്രദ്ധിക്കുമോ; അല്ലെങ്കിൽ താല്പര്യം എടുക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ഗവൺമെന്റ് അത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കളമശ്ശേരിയിൽ ഒരു അപ്പാരൽ പാർക്ക് സ്ത്രീകൾക്കു മാത്രമായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിന്റെ ഉത്ഘാടന കർമ്മം ഉടനെ നിർവ്വഹിക്കുന്നതാണ്.

ശ്രീ. സി. മോയിൻകുട്ടി : സമൂഹത്തിലെ ഏറ്റവും ദുർബലരായിട്ടുള്ള വിധവകൾക്ക്, അതുപോലെ തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന ബിരുദവും ബിരുദാനന്തര ബിരുദവുമൊക്കെയുള്ള പെൺകുട്ടികൾക്ക്, വനിതാ വികസന കോർപ്പറേഷൻ വഴി എന്തെങ്കിലും പ്രത്യേക തൊഴിൽ സംരംഭങ്ങൾ സംഘടിപ്പിക്കുന്നതിന് വല്ല ആലോചനയും നടക്കുന്നുണ്ടോ; അങ്ങനെ വല്ലതും പരിഗണനയിലുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : വിധവകൾക്കുവേണ്ടി പ്രത്യേക പദ്ധതി ഉണ്ട്. പ്രത്യേകിച്ച് ലാൻട്രി സിസ്റ്റം, പല നഗരങ്ങളിലും വിധവകൾക്കുവേണ്ടി ലാൻട്രി അനുവദിച്ചു കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതിന്റെ മാനേജുമെന്റും മറ്റു കാര്യങ്ങളുമൊക്കെ വനിതാ വികസന കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ട്.

ശ്രീ. കളത്തിൽ അബ്ദുള്ള : സ്ത്രീകളിൽ ഉണ്ടായ വിജ്ഞാന വിസ്ഫോടനം, അവരിൽ സാങ്കേതിക അക്കാഡമിക്ക് മേഖലകളിൽ വമ്പിച്ച ഉയർച്ചയാണ് ഉണ്ടാക്കിയിട്ടുള്ളത്. സ്ത്രീകളെ മൈക്രോ ഫൈനാൻസിംഗ് രൂപത്തിൽ സംഘടിപ്പിച്ചാൽ അവരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാകും. പക്ഷേ മൈക്രോ ഫൈനാൻസിംഗായി അവരെ സംഘടിപ്പിക്കുമ്പോൾ, അതിന്റെ ഒരു അപ്പെക്സ് ബോഡിയായി വനിതാ വികസന കോർപ്പറേഷനെ സജ്ജമാക്കാനുള്ള സംവിധാനം ഇതുവരെയുണ്ടായിട്ടില്ല. ആ വഴിക്ക് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കമ്പ്യൂട്ടർ ട്രെയിനിംഗിനുശേഷം കമ്പ്യൂട്ടർ സെന്ററുകൾ സ്ഥാപിക്കാൻ അവർക്ക് വായ്പകൾ നൽകി വരുന്നുണ്ട്. അതുപോലെ വിദ്യാസമ്പന്നരായ വനിതകൾക്കുവേണ്ടി അത്തരത്തിലുള്ള പദ്ധതികൾ സംഘടിപ്പിച്ച് അതിന്റെ ഒരു അപ്പെക്സ് ബോഡിയായി വനിതാ വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നതാണ്.

ശ്രീ. എൻ. രാജൻ : കേരളത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങളിലേയും സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ട് കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുമെന്ന് ബഡ്ജറ്റിൽ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചിട്ടുള്ള കാര്യമാണ്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച 10 പ്രോജക്ടുകളുടെ കാര്യം, അതിൽ അപ്പാരൽ പാർക്ക്, കോംപ്ലക്സ് തുടങ്ങിയ കാര്യങ്ങളൊക്കെ സൂചിപ്പിച്ചിട്ടുള്ളതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള നാട്ടിൻപുറങ്ങളിൽ കുടുംബശ്രീയും അയൽക്കൂട്ടങ്ങളും പ്രായോഗികമല്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് പ്രത്യേകം പരിഗണന നൽകി, ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ചെറിയ ചെറിയ പ്രോജക്ടുകൾക്ക് അംഗീകാരം നൽകി ലോൺ കൊടുത്ത് സഹായിക്കുന്നതിനുവേണ്ടിയുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ഞാൻ നേരത്തെ ഇതിന്റെ സാമ്പത്തിക വശങ്ങൾ സൂചിപ്പിച്ചു. മിക്കവാറും ഇതിനുവേണ്ട സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നാണ് ലഭിക്കുന്നത്. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ norms അനുസരിച്ചുള്ള പദ്ധതികൾ മാത്രമേ വനിതാ വികസന കോർപ്പറേഷനു നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കാൻ നടപടി

*2 [590] *ശ്രീ. എ. കെ. ബാലൻ* :

" *ടി. കെ. ദേവകുമാർ* :

" *എം. വി. ഗോവിന്ദൻ മാസ്റ്റർ* :

" *മത്തായി ചാക്കോ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. പി. എ. സർക്കാരിന്റെ പൊതുമിനിമം പരിപാടിയിൽ പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുള്ള കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കേരളത്തിലെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനാണ് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിനായാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ ഫലമായി സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളുടെ നിക്ഷേപം എത്ര ശതമാനം കണ്ട് വർദ്ധിക്കുകയുണ്ടായി ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)* : സർ,

(എ) യു. പി. എ. സർക്കാരിന്റെ കോമൺ മിനിമം പ്രോഗ്രാമിൽ ലാഭമുണ്ടാക്കുന്ന കമ്പനികളെ പൊതുവിൽ സ്വകാര്യവൽക്കരിക്കുകയില്ല എന്നും രോഗബാധിതമായ പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുനഃസംഘടി

LIBRARY ARCHIVES Kerala Legislative Assembly